4988
24/3/21

**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**<u>പരിപത്രം</u>**

**നം.28/2021/ധന** **തീയതി, തിരുവനന്തപുരം, 19.03.2021**

വിഷയം :- ഏഴാം കേന്ദ്ര ശമ്പളപരിഷ്കരണം - UGC/AICTE/MES വിഭാഗത്തിൽ നിന്നും വിരമിച്ച ജീവനക്കാരുടെ പെൻഷൻ പരിഷ്കരണ ഉത്തരവുകൾ നടപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1) 05/11/2020 തീയതിയിലെ സ.ഉ [അച്ചടി] നം.151/2020/ധന
2) 19/11/2020 തീയതിയിലെ സ.ഉ [അച്ചടി] നം.157/2020/ധന
3) 25/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.38/2021/ധന
4) 26/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.41/2021/ധന

UGC വിഭാഗത്തിൽ നിന്നും വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചുകൊണ്ട് സൂചന (1), (2) & (3) പ്രകാരവും MES (ഗവ. മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസ്യൂട്ടിക്കൽ സയൻസ് & ഗവ./എയിഡഡ് ആയുർവേദ കോളേജുകൾ), AICTE (ഗവ./എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ) വിഭാഗത്തിൽപ്പെട്ട വിരമിച്ച അദ്ധ്യാപകരുടെ പെൻഷൻ ആനുകൂല്യങ്ങൾ പരിഷ്കരിച്ചുകൊണ്ട് സൂചന (4) പ്രകാരവും ഉത്തരവ് പുറപ്പെടുവിപ്പിച്ചു.

2) പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി പെൻഷൻകാർ ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ട അപേക്ഷയുടെ മാതൃക സൂചന (1) & (4) ഉത്തരവിൽ അനുബന്ധമായി നല്കിയിരുന്നു. സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുന്ന കോവിഡ് 19 മഹാമാരിയുടെ വ്യാപനം കണക്കിലെടുത്ത് ഇത്തരത്തിൽ പെൻഷൻ പരിഷ്കരണ അപേക്ഷകൾ സമർപ്പിക്കുന്നത് ഒഴിവാക്കണം എന്ന് പല പെൻഷൻ സംഘടനകളും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് 19 മാഹാമാരിയുടെ വ്യാപനം കണക്കിലെടുത്തും 01/04/2021 മുതൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യണം എന്ന നിബന്ധന കണക്കിലെടുത്തും 01/01/2016 പ്രാബല്യത്തിൽ പെൻഷൻ പരിഷ്കരിക്കുന്നതിനായി താഴെപറയുന്ന നടപടിക്രമങ്ങൾ പുറപ്പെടുവിക്കുന്നു.

## (i) 01/01/2016-ന് മുൻപ് വിരമിച്ച ജീവനക്കാർ

(a) ട്രഷറിയിൽ നിന്നോ മണി ഓർഡർ മുഖേനയോ പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാരിൽ നിന്നും പ്രത്യേകമായി അപേക്ഷകൾ സ്വീകരിക്കാതെ തന്നെ നിലവിൽ ലഭ്യമായ അടിസ്ഥാന പെൻഷൻ തുകയെ 2.57 ഇരട്ടിയാക്കി നിജപ്പെടുത്തി, പെൻഷൻ പരിഷ്കരിച്ച് വിതരണം ചെയ്യേണ്ടതും. 01.07.2019 മുതലുള്ള കുടിശ്ശികയുടെ ആദ്യ ഗഡു ഏപ്രിൽ മാസത്തിലും രണ്ടാമത്തെ ഗഡു മെയ് മാസത്തിലും മൂന്നാമത്തെ ഗഡു ഓഗസ്റ്റ് മാസത്തിലും നാലാമത്തെ ഗഡു നവംബർ മാസത്തിലും വിതരണം ചെയ്യേണ്ടതുമാണ്.

(b) 30/06/2021-ന് മുൻപായി തന്നെ അധികമായി ലഭിച്ച തുക തിരികെ അടയ്ക്കാമെന്ന സത്യവാങ്മൂലം ഫിസിക്കലായോ ഓൺലൈനായോ എല്ലാ പെൻഷൻകാരും ബന്ധപ്പെട്ട ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. ഫിസിക്കലായി സമർപ്പിക്കേണ്ട സത്യവാങ്മൂലത്തിന്റെ മാതൃക അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓൺലൈനായി സത്യവാങ്മൂലം സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രിസം വെബ്സൈറ്റിൽ [www.prism.kerala.gov.in] മാർച്ച് 30-ന് അകം ഉൾപെടുത്തുന്നതാണ്. മണി ഓർഡർ മുഖേനയോ നേരിട്ട് ട്രഷറിയിൽ നിന്നോ പെൻഷൻ കൈപറ്റുന്നവർ ഫിസിക്കലായി സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം ബന്ധപ്പെട്ട മാതൃ ട്രഷറിയിലാണ് നൽകേണ്ടത്.

(c) ഇത്തരത്തിൽ 30/06/2021-ന് മുൻപ് സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ മൂന്നാമത് ഗഡു മുതലുള്ള കുടിശ്ശിക വിതരണം താത്കാലികമായി ട്രഷറി നിർത്തി വയ്ക്കേണ്ടതാണ്. സത്യവാങ്മൂലം സമർപ്പിക്കാത്ത പക്ഷം അതത് മാസത്തെ പെൻഷൻ വിതരണം തടയേണ്ടതില്ല. പിന്നീട് സത്യവാങ്മൂലം സമർപ്പിക്കുന്ന പക്ഷം കുടിശ്ശികയുടെ ബാക്കി ഗഡുക്കൾ അനുവദിക്കേണ്ടതാണ്.

(d) പെൻഷൻ പരിഷ്കരണത്തിനോടനുബന്ധിച്ച് One Rank One Pension [OROP] ആനുകൂല്യം ലഭിക്കാത്ത പെൻഷൻകാർ ഫിസിക്കലായോ ഓൺലൈനായോ ചുവടെ പറയുന്ന രേഖകൾ ട്രഷറിയിൽ സമർപ്പിച്ച് പരിഹാരം തേടേണ്ടതാണ്. ഓൺലൈനായി രേഖകൾ സമർപ്പിക്കുന്നതിനുള്ള സൗകര്യം പ്രിസം വെബ്സൈറ്റിൽ [www.prism.kerala.gov.in] മാർച്ച് 30-നകം ഉൾപെടുത്തുന്നതാണ്.

1. Date of Retirement
2. Designation at the time of Retirement
3. Scale of pay at the time of retirement
4. Corresponding Revised Scale of the Post as per Pay revision Order
5. Copies of the revised pension statement issued by Treasury in connection with 6th CPC
6. If the post held by the pensioner at the time of retirement/death while in service is no longer in existence then revised scale of pay fixed over successive pay revisions as per Schedule I of G.O.(P) No. 38/2021/Fin. Dated 25/02/2021 & G.O.(P) No. 41/2021/Fin. Dated 26/02/2021.
7. No. of years of Qualifying Service
8. Basic Pension as on 31/12/2015 & 30/06/2019

(e) മേൽപ്രകാരമുള്ള പെൻഷൻ പരിഷ്കരണത്തിൽ പരാതി ഉണ്ടെങ്കിൽ പെൻഷൻകാർ ആയത് 30/08/2021-ന് മുൻപ് ട്രഷറികളിൽ സമർപ്പിച്ച് പരിഹാരം തേടേണ്ടതാണ്.

### (ii) 01/01/2016-ന് ശേഷം വിരമിച്ച ജീവനക്കാർ

(a) 01/01/2016-ന് ശേഷം വിരമിച്ച ജീവനക്കാരുടെ പെൻഷൻ അവരുടെ പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ അക്കൗണ്ടന്റ് ജനറൽ പുനർനിർണയിച്ച് ഓതറൈസ് ചെയ്യേണ്ടതാണ്.

(b) 31/03/2021-നകം വിരമിക്കുന്ന ജീവനക്കാർ തങ്ങളുടെ പ്രീ-റിവൈസ്ഡ് സ്കെയിലിൽ [Pre-Revised Pay + Academic Grade Pay] ഉള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള അപേക്ഷയാണ് PRISM സോഫ്റ്റ്‌വെയർ മുഖേന സമർപ്പിക്കേണ്ടത്. ഇവരുടെ കുടിശ്ശിക 25/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം 38/2021/ധന, 26/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.41/2021/ധന എന്ന ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം വിതരണം ചെയ്യേണ്ടത്.

(c) 01/01/2016-നും 31/03/2021-നും ഇടയിൽ വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ പ്രീ-റിവൈസ്ഡ് സ്കെയിലിലും [Pre-Revised Pay + Academic Grade Pay], റിവൈസ്ഡ് സ്കെയിലിലും (Academic Pay of Revised Pay Matrix) അക്കൗണ്ടന്റ് ജനറൽ ഓതറൈസ് ചെയ്ത് നല്കേണ്ടതാണ്.

### (iii) മറ്റ് നിർദ്ദേശങ്ങൾ

(a) പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായി വാങ്ങി കൊണ്ടിരിക്കുന്ന പെൻഷനിൽ കുറവുവരുന്ന പക്ഷം ടി തുക പേഴ്സണൽ അലവൻസായി അനുവദിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട ട്രഷറി ഓഫീസർ പരിശോധിച്ച് ശിപാർശയോടെ അക്കൗണ്ടന്റ് ജനറലിന് സമർപ്പിക്കേണ്ടതാണ്.

(b) ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്നവർ സൂചന (1) & (4) ഉത്തരവിലെ അനുബന്ധം പ്രകാരമുള്ള അപേക്ഷ പെൻഷൻ ലഭിക്കുന്ന ബാങ്കിന്റെ ഏറ്റവും അടുത്തുള്ള ട്രഷറിയിൽ നൽകേണ്ടതാണ്. ബന്ധപ്പെട്ട ട്രഷറികൾ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് സൂചന ഉത്തരവുകളിലെ വ്യവസ്ഥകൾക്കു വിധേയമായി പെൻഷൻ പരിഷ്കരിക്കേണ്ടതും കുടിശ്ശിക വിതരണം ചെയ്യേണ്ടതുമാണ്.

(c) സൂചനകൾ പ്രകാരമുള്ള പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിച്ച വിഭാഗക്കാർക്കു മാത്രമേ മേൽ നിർദ്ദേശങ്ങൾ ബാധകമാവുകയുള്ളൂ.

**ട്രിൻസി എസ്. നെൽസൺ**
ജോയിന്റ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് - പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരളം, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ ട്രഷറികൾക്കും സബ് ട്രഷറികൾക്കും
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ (പ്രിസം) (info.fin@kerala.gov.in)
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ്/സൂക്ഷിപ്പ് ഫയൽ (PEN-B1/9/2020-Fin)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സത്യവാങ്മൂലം

ഏഴാം കേന്ദ്രശമ്പള പരിഷ്കരണ ഉത്തരവിനനുബന്ധമായി പുറപ്പെടുവിച്ച പെൻഷൻ പരിഷ്കരണ ഉത്തരവുകളിലെ (05/11/2020 തീയതിയിലെ സ.ഉ [അച്ചടി] നം.151/2020/ധന, 19/11/2020 തീയതിയിലെ സ.ഉ [അച്ചടി] നം.157/2020/ധന, 25/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.38/2021/ധന, 26/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.41/2021/ധന) വ്യവസ്ഥകൾക്ക് വിരുദ്ധമായി എന്റെ പെൻഷനോ മറ്റ് വിരമിക്കൽ ആനുകൂല്യങ്ങളോ പരിഷ്കരിക്കുകയും ആയത് ഭാവിയിൽ കണ്ടെത്തുന്ന പക്ഷം എനിക്ക് അധികമായി ലഭിച്ച തുക എന്റെ പെൻഷൻ കുടിശ്ശികയിൽ നിന്നോ, ക്ഷാമാശ്വാസ കുടിശ്ശികയിൽ നിന്നോ ക്ഷാമാശ്വാസത്തിൽ നിന്നോ അല്ലെങ്കിൽ പെൻഷനിൽ നിന്നു തന്നെയോ ഈടാക്കാവുന്നതാണെന്ന് ഞാൻ ഇതിനാൽ സമ്മതിച്ചു കൊള്ളുന്നു.

പെൻഷന്റെ സ്വഭാവം:- സർവ്വീസ് പെൻഷൻ/കുടുംബ പെൻഷൻ [UGC (ഗവ./എയ്ഡഡ് കോളേജുകൾ) / MES (ഗവ. മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസ്യൂട്ടിക്കൽ സയൻസ്, ഗവ./എയിഡഡ് ആയുർവേദ കോളേജുകൾ), AICTE (ഗവ. /എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ)]

മാതൃട്രഷറി & ജില്ല -

ഒപ്പ് :

പെൻഷണറുടെ/കുടുംബ പെൻഷണറുടെ പേര് :

പി.പി.ഒ നമ്പർ :

പൂർണ്ണമായ വിലാസം (പിൻകോഡ് & മൊബൈൽ നം. സഹിതം)

സ്ഥലം :

തീയതി :